(സി) അനധികൃതമായി പണമിടപാട് നടത്തുന്ന അന്യസംസ്ഥാനക്കാർക്കെതിരെ നിലവിലുള്ള നിയമപ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം ആളുകളുടെ സ്ഥാപനങ്ങളിൽ റെയ്ഡുകൾ നടത്തിയും സ്പെഷ്യൽ ബ്രാഞ്ച് മുഖേന അനധികൃത പണമിടപാട് നടത്തുന്ന അന്യസംസ്ഥാനക്കാരെ നിരീക്ഷിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചും വരുന്നു.

കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണ്ണയം

202 (3023) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) കരട് വിജ്ഞാപനത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഇ1-21566/12 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ഡി) മലപ്പുറം നഗരത്തിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം സ്റ്റേഷൻ പരിധിയിലാക്കാൻ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽനിന്നും മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിലേക്ക് മാറ്റുവാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ച പരുവമണ്ണ പ്രദേശം കൊളത്തൂർ പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടില്ല. ആയത് പരിശോധിച്ചതിൽ കൊളത്തൂർ പോലീസ് സ്റ്റേഷനിലെ 'പൈംങ്ങമണ്ണ' എന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രദേശവും 'പരുവമണ്ണ' എന്ന പ്രദേശവും ഒന്നാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) മലപ്പുറം ജില്ലയിലെ മലപ്പുറം പോലീസ് സ്റ്റേഷന്റെയും കൊളത്തൂർ പോലീസ് സ്റ്റേഷന്റെയും പരിധി പുനർനിർണ്ണയിക്കുന്ന വിഷയമാണ് 21566/ ഇ I/12/ ആഭ്യന്തരം നമ്പർ ഫയലിൽ പരിശോധിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുത്തി 10-7-2015-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1734/2015/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

കോഴിക്കോട് ജയിലിലെ ബംഗ്ലാദേശികൾ

203(3024) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രേഖകളില്ലാത്തതുകൊണ്ട് അറസ്റ്റിലായ ഏഴ് ബംഗ്ലാദേശികൾ കോഴിക്കോട് ജയിലിൽ മാസങ്ങളായി കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവർക്കെതിരെ ചുമത്തിയ കുറ്റങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടിണി സഹിക്കവയ്യാതെ നാടുവിട്ടുവന്നവരാണ് ഈ ഏഴുപേരുമെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ ; എന്തെങ്കിലും ക്രിമിനൽ പ്രവർത്തനങ്ങൾ ഇവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇവർക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുകയും എംബസിയുമായി ബന്ധപ്പെട്ട് ഇവരെ റിലീസ് ചെയ്യാനുമുള്ള നടപടി അടിയന്തരമായി സ്വീകരിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യയിൽ തങ്ങുന്നതിന് നിയമാനുസൃതം ആവശ്യമായ യാത്രാ രേഖകളായ പാസ്പോർട്ട്, വിസ, മറ്റ് തിരിച്ചറിയൽ രേഖകൾ ഒന്നുംതന്നെയില്ലാതെ ഇന്ത്യയിൽ താമസിച്ചു എന്ന കുറ്റത്തിനാണ് ഫോറിനേഴ്സ് ആക്ട്, ഇന്ത്യൻ പാസ്പോർട്ട് ആക്ട് എന്നീ നിയമങ്ങളനുസരിച്ച് പ്രസ്തുത ഏഴ് ബംഗ്ലാദേശ് പൗരൻമാരെ അറസ്റ്റുചെയ്തിട്ടുള്ളത്. പാസ്പോർട്ട് ആക്ടിലെ സെക്ഷൻ 12(1)സി, ഫോറിനേഴ്സ് ആക്ടിലെ സെക്ഷൻ 13, 14 എന്നിവ പ്രകാരമുള്ള കുറ്റങ്ങളാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly